# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5904

28.03.2018-ൽ മറുപടിയ്ക്ക്

## ഫിസിയോതെറാപ്പി കൗൺസിൽ രൂപീകരണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.ടി. തോമസ്** | **ശ്രീമതി. കെ.കെ.ശൈലജടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | ഫിസിയോതെറാപ്പിക്ക് പ്രത്യേക കൗൺസിൽ വേണമെന്ന ആവശ്യം പരിഗണിച്ചിട്ടുണ്ടോ; | (എ) | പരിഗണിച്ചിട്ടുണ്ട് |
| (ബി) | ഫിസിയോതെറാപ്പിക്ക് ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ പ്രത്യേക കൗൺസിൽ നിലവിലുണ്ടോ; | (ബി) | ഗുജറാത്ത്, മഹാരാഷ്ട്ര, ഛത്തീസ്ഗഢ് എന്നീ സംസ്ഥാനങ്ങളിലും ഡൽഹിയിലും ഫിസിയോതെറാപ്പി കൗൺസിൽ നിലവിലുണ്ട് |
| (സി) | ഫിസിയോതെറാപ്പി കൗൺസിൽ രൂപീകരണം സംബന്ധിച്ച് നിയമസഭാ സബ്ജക്ട് കമ്മിറ്റി ശിപാർശ നൽകിയതായി അറിവുണ്ടോ; | (സി) | പതിമൂന്നാം കേരള നിയമസഭയിലെ ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റിയുടെ 02/02/2012 ലെ യോഗത്തിൽ ഫിസിയോതെറാപ്പിസ്റ്റുകളുടെ പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്യുകയും ചുവടെ ചേർത്തിട്ടുള്ളപ്രകാരം അഭിപ്രായപ്പെടുകയും ചെയ്തു: *"ഫിസിയോതെറാപ്പിസ്റ്റുകളുടെ പ്രശ്നങ്ങളെക്കുറിച്ച് സമിതി ചർച്ച ചെയ്തു. ഫിസിയോതെറാപ്പിസ്റ്റുകൾക്ക് സ്വന്തമായി പ്രാക്ടീസ് ചെയ്യാനുള്ള അനുവാദവും സ്വന്തമായി കൗൺസിലും ഉണ്ടാകുന്നത് നല്ലതാണെന്ന് സമിതി അഭിപ്രായപ്പെട്ടു. ഹൈക്കോടതിയിൽ ഇത് സംബന്ധിച്ച് ഒരു കേസ് നിലവിലുണ്ടെന്നും അത് പരിശോധിച്ച് ഡോക്ടർമാരെയും ഫിസിയോതെറാപ്പിസ്റ്റുകളെയും യോജിപ്പിച്ചുകൊണ്ട്പോകുന്ന സംവിധാനത്തെക്കുറിച്ച് ആലോചിക്കാമെന്നും ഈ വിഷയം പുനഃപരിശോധിക്കാമെന്നും സമിതി തീരുമാനിച്ചു"* ഫിസിയോതെറാപ്പി കൗൺസിൽ രൂപീകരണം സംബന്ധിച്ച് നിയമസഭാ സബ്ജക്ട് കമ്മിറ്റി ശിപാർശ നൽകിയതായി കാണുന്നില്ല |

| | | | |
|---|---|---|---|
| (ഡി) | ഫിസിയോതെറാപ്പി കൗൺസിൽ രൂപീകരണത്തിനെതിരെ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ഉത്തരവ് പുന:പരിശോധിക്കുമോ ? | (ഡി) | ഫിസിയോതെറാപ്പിക്ക് പ്രത്യേക കൗൺസിൽ വേണമെന്ന ആവശ്യം നിരാകരിച്ചുകൊണ്ട് 13/06/2012 ന് സ.ഉ. (സാധാ) നം. 1958/2012/ആ.കു.വ, 4/02/2018 ന് സ.ഉ. (സാധാ) നം.517/2018/ആ.കു.വ എന്നീ ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു.<br>താഴെ പറയുന്ന കാരണങ്ങളാലാണ് പ്രസ്തുത ഉത്തരവുകൾ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളത്:<br>• നിലവിൽ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ ആക്ട്, 1956 ൽ നിർദ്ദേശിച്ചിട്ടുള്ള യോഗ്യത നേടിയ ഡോക്ടർമാർക്ക് രോഗികളെ പരിശോധിക്കുവാനും രോഗനിർണ്ണയം നടത്തുവാനും ചികിത്സ നിർദ്ദേശിക്കുവാനും നിയമപരമായ അവകാശം ഉണ്ട്. ഫിസിയോതെറാപ്പിസ്റ്റുകൾക്ക് ഇത് ഇപ്പോൾ ലഭ്യമല്ല.<br>• ഫിസിയോതെറാപ്പി അദ്ധ്യാപകരുടെ നിയമനത്തിൽ യു.ജി.സി. നിഷ്കർഷിക്കുന്ന യോഗ്യതകൾ കേരളത്തിലെ മെഡിക്കൽ വിദ്യാഭ്യാസ മേഖലയിൽ അനിവാര്യമല്ല.<br>• ബി. എസ്. സി. എം. എൽ. ടി, ബി. ഫാം., ബി. എസ്. സി. നഴ്സിംഗ് കോഴ്സുകളും 4 1/2 വർഷം ദൈർഘ്യമുള്ളവയാണ്. ആയതിനാൽ കോഴ്സിന്റെ ദൈർഘ്യത്തിന്റെ കാര്യത്തിലായാലും ഘടനയുടെ കാര്യത്തിലായാലും ഫിസിയോതെറാപ്പി ബിരുദം MBBS പോലെ രോഗപരിശോധനയ്ക്കുള്ള വിശിഷ്ടമായ യോഗ്യതയല്ല.<br>• ഫിസിയോതെറാപ്പിയെ ഒരു പ്രത്യേക ചികിത്സാ പദ്ധതിയായി വികസിപ്പിച്ച്, മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരം നേടിയെടുക്കുക എന്നുള്ളതാണ് ഫിസിയോതെറാപ്പി കൗൺസിൽ രൂപീകരണത്തേക്കാൾ പ്രഥമപരിഗണന അർഹിക്കുന്നത്.<br>• ഇന്ത്യയ്ക്കകത്തും വിദേശരാജ്യങ്ങളിലും ഫിസിയോതെറാപ്പിസ്റ്റുകളെ നിലവിൽ 'അലൈഡ് ഹെൽത്ത് പ്രൊഫഷണൽസ്' എന്ന വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.<br>• നിലവിലെ പാരാമെഡിക്കൽ കൗൺസിലിൽ പ്രത്യേക വിഷയത്തിൽ വൈദഗ്ധ്യം നേടിയിട്ടുള്ള ഡോക്ടർമാരെ ഉൾപ്പെടുത്തിയിട്ടുണ്ട്. ഫിസിയോതെറാപ്പിസ്റ്റുകളെ മാത്രം ഉൾപ്പെടുത്തി |

കൗൺസിൽ രൂപീകരിക്കുന്നത്, ചികിത്സ ഉൾപ്പെടെയുള്ള വിഷയങ്ങളിൽ പക്ഷപാതപരവും അടിസ്ഥാനരഹിതവുമായ നിലപാടുകൾ കൈക്കൊള്ളുവാൻ ഇട നൽകും. അവർ സ്വന്തമായി ചികിത്സ നടത്തുവാനും മരുന്നുകൾ നിർദ്ദേശിക്കുവാനുമുള്ള സാധ്യതയുണ്ട്. ഇത് സംസ്ഥാനത്തെ പൊതുജനാരോഗ്യത്തെ ദോഷകരമായി ബാധിക്കും.

- എല്ലാറ്റിനുമുപരിയായി, ഫിസിയോതെറാപ്പിസ്റ്റുകൾക്ക് മാത്രമായി ഒരു കൗൺസിൽ രൂപീകരിക്കുന്ന പക്ഷം, സംസ്ഥാന പാരാമെഡിക്കൽ കൗൺസിലിന്റെ പരിധിയിൽപ്പെടുന്ന വിവിധവിഭാഗം ടെക്നീഷ്യന്മാർക്കും അനുബന്ധ സാങ്കേതിക വിഭാഗം ആളുകൾക്കും വെവ്വേറെ കൗൺസിൽ രൂപീകരിക്കണമെന്ന മുറവിളി ഉയരാനും പാരാമെഡിക്കൽ രംഗം കലുഷിതമാകാനും ഇടവരുത്തും. ആയതിനാൽ അംഗീകൃതസ്ഥാപനങ്ങളിൽ നിർണ്ണയിക്കപ്പെട്ട സിലബസ്സിൽ നിയമാനുസൃതം ഫിസിയോതെറാപ്പി കോഴ്സ് വിജയകരമായി പൂർത്തിയാക്കിയവർക്ക് കേരള പാരാമെഡിക്കൽ കൗൺസിലിൽ രജിസ്ട്രേഷൻ നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

പ്രസ്തുത ഉത്തരവ് പിൻവലിക്കേണ്ടുന്ന സഹചര്യം നിലവിലില്ല.

സെക്ഷൻ ഓഫീസർ